# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നം ഇട്ട ചോദ്യം നമ്പർ *423 — 21.07.2015 ലെ മറുപടിക്ക്

## കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ബെന്നി ബെഹനാൻ : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മൂഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യവും സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) കെട്ടിട നിർമ്മാണത്തിനുള്ള അനുമതി സുതാര്യമാക്കുന്നതിനും വേഗത്തിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; | (സി) കെട്ടിട നിർമ്മാണാനുമതിയ്ക്കായി ഓൺലൈൻ സംവിധാനം വഴി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കൃത്യവും സമയബന്ധിതവുമായി പെർമിറ്റ് നൽകുന്നതിന് സാധിക്കുന്നുണ്ട്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻഗണനാക്രമത്തിൽ പരിശോധിച്ച് ഓൺലൈനായി തന്നെ അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. കെട്ടിട നിർമ്മാണത്തിന് ശേഷം ഓൺലൈൻ സംവിധാനം വഴി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകർക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് കാലവിളംബം കൂടാതെ ഓൺലൈനായി തന്നെ ലഭ്യമാകുന്നതാണ്. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, ഒടുക്കേണ്ട പെർമിറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ അപേക്ഷകർക്ക് അപ്പപ്പോൾ തന്നെ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പെർമിറ്റിന് വിരുദ്ധമായി നിർമ്മാണം നടത്തുന്നത് കണ്ടുപിടിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടു ത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | നിർമ്മാണം പൂർത്തിയായതിനു ശേഷം കെട്ടിട നമ്പരിനു വേണ്ടി അപേക്ഷിക്കു മ്പോൾ പെർമിറ്റ് ഏരിയയിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്താ വുന്നതാണ്. കൂടാതെ, ചട്ടലംഘനത്തോടെ നിർമ്മാണം നടത്തുന്നത് കണ്ടെത്തുന്ന തിനായി ജില്ലാതല വിജിലൻസ് സ്ക്വാഡ് നിലവിലുണ്ട്. ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നിലവിലുള്ള വിജിലൻസ് സെൽ വിപുലീ കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ